ഖുത്ബ
15.4.2005
ബൈത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബിതിരുമേനിയും രോഗികളെ സന്ദർശിക്കലും

لقد جاءكم رسول من أنفسكم عزيز عليه ما عنتم حريص عليكم بالمؤمنين رءوف رحيم

സത്യമായും നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാകുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ളയാളാണ് അദ്ദേഹം, സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്. (9:128)

നബി(സ)തിരുമേനി എവിടെ അന്യരുടേയും സ്വന്തക്കാരുടേയും ആത്മീയപരിഷ്കരണം നടന്നു കാണുന്നതിനും അല്ലാഹുവുമായി അവർ ബന്ധം സ്ഥാപിക്കുന്നത് ദർശിക്കുന്നതിനും ആഗ്രഹിച്ചിരുന്നുവോ അവിടെ സൃഷ്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ അവരോട് സഹതാപം കാണിക്കുന്നതിനും അതുല്ല്യമായ വികാരം പ്രകടിപ്പിച്ചിരുന്നു. സൃഷ്ടികളോടുള്ള സഹതാപം അവിടത്തെ മനസ്സിൽ നിറഞ്ഞനിന്നു. സ്വന്തം ബുദ്ധിമുട്ടുകളേക്കാളധികം മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാണ് മുൻഗണന നൽകിയിരുന്നത്. എന്നല്ല, താൻ നേരിടുന്ന ബുദ്ധിമുട്ടുകളെ അത്തരം സന്ദർഭങ്ങളിൽ ഓർക്കാറേയില്ല. ദൈവസൃസ്ടികളോടു സഹതാപം കാണിക്കാനും അവരെ സഹായിക്കാനും അവർക്കുവേണ്ടി ദുആ ചെയ്യാനും അവരുടെ വിഷമങ്ങളകറ്റാനും എപ്പോഴും അവസരം കാത്തിരുന്നു. ഞാനോതിയ വചനത്തിൽ ഈ റസൂൽ അല്ലാഹുവിനുവേണ്ടി നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ അത്യാഗ്രഹിയാണെന്ന് പറഞ്ഞിരിക്കുന്നു. ഈ **ഹരീസ്** അഥവാ അത്യാഗ്രഹം എന്ന പദം പരിമിതമായ അർത്ഥം ഉൾക്കൊള്ളുന്ന പദമല്ല, അത്യാഗ്രഹി എന്ന് നാം പറയുന്നതുപോലെയുമല്ല. ഇത്തരം അത്യാഗ്രഹം വച്ചു പുലർത്തുന്നത് നിസ്സാരകാര്യമല്ല. ലോകർ അത്യാഗ്രഹം കാണിക്കുന്നത് തങ്ങളുടെ സ്വന്തം നേട്ടങ്ങൾക്കുവേണ്ടിയാണ്. സ്വയം പ്രയോജനപ്പെടുകയും സ്വന്തം ബുദ്ധിമുട്ടുകൾ അകലുകയും വേണം. പക്ഷെ, നമ്മുടെ നബി(സ) അത്യാഗ്രഹം കാണിക്കുന്നത് തനിക്കുവേണ്ടിയല്ല, മറ്റുള്ളവർക്കുവേണ്ടിയാണ്. അവർക്കു നേട്ടമുണ്ടാക്കുന്നതിനും അവരുടെ ബുദ്ധിമുട്ടുകൾ അകലുന്നതിനും വേണ്ടിയാണ്. ഇതിന് ഇതുകൂടാതെയും അർത്ഥങ്ങളുണ്ട്. അത് വിശാലമാണ്. അതായത് എങ്ങനെയും മറ്റുള്ളവർക്ക് ഗുണമെത്തിക്കണമെന്നുള്ള ഉൽക്കടമായ ആഗ്രഹം. വ്യക്തിപരമായി അതിനോട് താൽപര്യം കാണിക്കുക. അങ്ങേയറ്റം സൂക്ഷമതയോടെ മറ്റുള്ളവരുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് അവരോട് സഹതാപം കാണിക്കുക. അവർക്കുവേണ്ടി സ്വയം വിഷമങ്ങൾ സഹിക്കുക. മറ്റുള്ളവരുടെ വിഷമം കണ്ടിട്ട് നബി(സ)തിരുമേനി സ്വീകരിച്ച നടപടി ഇതായിരുന്നു. അവരുടെ വിഷമങ്ങളകറ്റുന്നതിനുവേണ്ടി അവിടന്ന് സകല മാർഗ്ഗങ്ങളും എല്ലാവഴികളും ഉപയോഗിച്ചു. ആ വിഷമങ്ങളകറ്റുന്നതിനും അവർക്ക് ആശ്വാസം പകരുന്നതിനുംവേണ്ടി അവിടത്തെ മനസ്സിലുണ്ടായിരുന്നത് അതിരറ്റ ദയയായിരുന്നു. ഇക്കാര്യത്തിൽ അവിടന്ന് ഒരിക്കലും ക്ഷീണിച്ചില്ല. മറ്റുള്ളവരോട് സഹതാപത്തിന്റേയും കരുണയുടേയും വികാരം പ്രകടിപ്പിക്കുന്ന സവിശേഷഗുണം നബിയിലുണ്ടായിരുന്നു. അതിനോട് കിടപിടിക്കാൻ ആർക്കും സാധിക്കുമായിരുന്നില്ല. അങ്ങേയറ്റം ദയ കാണിക്കുകയും ആവർത്തിച്ചാവർത്തിച്ച് കൃപ ചെയ്യുകയും ചെയ്യുക എന്ന ദൈവഗുണത്തിന്റെ, മനുഷ്യരിലുള്ള പരിപൂർണ്ണവും ഉന്നതവുമായ മാതൃക നബിതിരുമേനിയിൽ മാത്രമായിരുന്നു കാണപ്പെട്ടിരുന്നത്. അതിന് അല്ലാഹുതന്നെ സാക്ഷിപറയുന്നു.

ഇതു സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മറ്റുള്ളവരുടെ വിഷമങ്ങൾ അനുഭവിച്ചറിയുന്നതിനുള്ള ശക്തിയും അതകറ്റണമെന്ന ബോധവും മനുഷ്യന് നൽകപ്പെടുന്നത് അവൻ അല്ലാഹുവിന്റെ ചാദുറിന്റെ കീഴെ വരുമ്പോഴാണ്. ഇില്ലുല്ലാഹി-അവൻ അല്ലാഹുവിന്റെ നിഴലിലായി തീരുമ്പോഴാണ്. അപ്പോൾ അവൻ സൃഷ്ടികളോട് സഹതാപം കാണിക്കുന്നതിനും അവരുടെ ഉന്നമനത്തിനും വേണ്ടി സ്വയം അസ്വസ്ഥനാകുന്നു. നമ്മുടെ നബികരീം(സ)ഈ രംഗത്ത് സകല നബിമാരേക്കാളും മുന്നിലാണ്. അതുകൊണ്ട് തന്നെ സൃഷ്ടികൾക്കുണ്ടാകുന്ന വിഷമങ്ങൾ ആ മഹാത്മാവിന് അസഹ്യമായിരുന്നു. അല്ലാഹു പറയുന്നു. **അസീസുൻ അലയ്ഹി മാ അനിത്തും,** അതായത് ഈ ദൂതന് നിങ്ങളുടെ വിഷമങ്ങൾ കാണുന്നത് അസഹ്യമാണ്. അത് ആ മഹാത്മാവിന് കഠിനമായ വിഷമമുണ്ടാക്കുന്നു. അവിടന്ന്

എപ്പോഴും ആഗ്രഹിക്കുന്നത് നിങ്ങൾക്ക് വലിയ വലിയ നേട്ടങ്ങൾ ഉണ്ടാകണമെന്നാണ്. ഇതിൽ നിന്ന് അന്യർക്കുവേണ്ടിയുള്ള അവിടത്തെ വികാരാവസ്ഥ കൂടുതൽ വ്യക്തമായി. വിവിധതരത്തിലുള്ള വിഷമങ്ങളാണ് മനുഷ്യർക്കുണ്ടാകുന്നത്. അവയിൽ എല്ലാവർക്കും നേരിടേണ്ടിവരുന്ന ഒരു വിഷമമാണ് രോഗം. ഇന്ന് ഞാൻ രോഗികളെസന്ദർശിക്കുന്നതിനെക്കുറിച്ചും അവർക്കുവേണ്ടി ദുആ ഇരക്കേണ്ടതിനെക്കുറിച്ചുമാണ് പറയാനാഗ്രഹിക്കുന്നത്. ഇതിൽ നബി(സ) കാണിച്ച മാതൃകയിൽ, മറ്റുള്ളവരുടെ വിഷമങ്ങളകറ്റാൻ കാണിച്ച ആ വ്യഗ്രത സ്വന്തം വിഷമഘട്ടങ്ങളിൽ അവിടന്ന് കാണിച്ചിരുന്നില്ലെന്ന് കാണാം. അത്തരം വിഷമങ്ങളിൽ കുടുങ്ങിപ്പോയവർക്കായി അവിടന്ന് അതുല്ല്യമായ പ്രകടനമാണ് കാഴ്ച വെച്ചത്.

ചിലസംഭവങ്ങൾ ഞാൻ പറയാം. രോഗികൾക്കായി അവിടന്ന് എങ്ങനെയാണ് പ്രാർത്ഥിച്ചിരുന്നത്?. രോഗികളുടെ കാര്യങ്ങൾ അവിടന്ന് എങ്ങനെയാണ് അന്വേഷിച്ചിരുന്നത്?. തുടങ്ങിയ കാര്യങ്ങൾ ഇതിൽ നിന്ന് നിങ്ങൾക്കുമനസ്സിലാകുന്നതാണ്. അതിനുമുമ്പേ ഒരു സഹാബിയുടെ മൊഴിപറയട്ടെ. ഹസ്റത്ത് അബൂഉമാമ(റ) പറയുന്നു: മനുഷ്യരിൽവച്ച് ഏറ്റവും നല്ലനിലയിൽ രോഗികളെ സന്ദർശിക്കുന്ന ആളായിരുന്നു നബി(സ). ബന്ധുക്കളേക്കാളധികം അന്യരായ രോഗികളെ സഹതാപത്തോടെ അവിടന്ന് കണ്ടു. ബുദ്ധിമുട്ടുകൾ മനുഷ്യനുണ്ടാകുക സ്വാഭാവികമാണ്. പക്ഷെ, അതിനെക്കുറിച്ച് നബി(സ)അന്വേഷിക്കുമായിരുന്നു. രണ്ടുമൂന്നുദിവസത്തേക്കാൾ അധികം രോഗം നീണ്ടുനിന്നാൽ അവിടന്ന് അത്തരം രോഗികളെ സന്ദർശിച്ചിരിക്കും. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു.

ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നബി(സ)തിരുമേനി ആരെങ്കിലും മൂന്നുദിവസത്തേക്കാളധികം രോഗിയായാൽ അയാളെസന്ദർശിക്കാൻ പോകുമായിരുന്നു.

രോഗിയെ സന്ദർശിക്കുന്നതിൽ നബിതിരുമേനിയെപ്പോലെ ആരുമില്ലെന്ന് ഞാൻ ആദ്യം പറഞ്ഞ നിവേദനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവിടന്ന് സന്തോഷത്തോടും സ്നേഹത്തോടും കൂടി രോഗിയെ കാണാൻ പോകുമ്പോൾ, രോഗിയുടെ പകുതി രോഗം അപ്പോൾതന്നെ അകന്നിട്ടുണ്ടാകും. ഇത് സാധാരണ കാണാറുള്ളതാണ്. ഡോക്ടർ രോഗിയെ ശ്രദ്ധയോടെ പരിശോധിക്കുകയും അയാൾ പറയുന്നകാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുമ്പോൾത്തന്നെ രോഗിയുടെ പകുതി രോഗം മാറിയിട്ടുണ്ടാകും. ഇപ്രകാരം കാര്യങ്ങൾ കേൾക്കുകയും പരിശോധിക്കുകയും ചെയ്യുന്ന ഡോക്ടറെയാണ് രോഗികൾ ഇഷ്ടപ്പെടുന്നത്. എല്ലാ വൈദ്യൻമാരേക്കാളും മികച്ച വൈദ്യരും എല്ലാ ഡോക്ടറൻമാരേക്കാളും മികച്ച ഡോക്ടറും വരുമ്പോൾ രോഗി ആശ്വാസം കൊള്ളാതിരിക്കുന്നതെങ്ങനെ. അവിടന്ന് അതീവ ശ്രദ്ധയോടെ രോഗികളുടെ വിവരങ്ങൾ കേൾക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്തിരുന്നു.

ചികിത്സയിൽ ബർക്കത്തുണ്ടാകുന്നതും അല്ലാഹുവിന്റെ ഫള്ലുകൊണ്ടാണ്. അല്ലാഹുവിന്റെ കല്പനയില്ലെങ്കിൽ ആ മരുന്നുകളിൽ ശിഫാ ഉണ്ടാകുകയില്ല. നബി(സ) രോഗിയുടെ അടുക്കൽ പോകുമ്പോഴെല്ലാം ഏറ്റവുമാദ്യം അയാൾക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. ഹസ്റത്ത് ആയിശാ(റ) വിവരിക്കുന്നു. നിശ്ചയം നബി(സ) തിരുമേനി ഏതെങ്കിലും ഭാര്യക്ക് സുഖമില്ലാതാകുകയും അവരെ സന്ദർശിക്കുകയും ചെയ്യുമ്പോൾ വലതുകൈകൊണ്ട് അവരെ തടവിക്കൊണ്ട് ഇങ്ങനെ പ്രാർത്ഥിക്കാറുണ്ട്.

**അല്ലാഹുമ്മ റബ്ബന്നാസി അദ്ഹിബൽ ബഅ്സ ഇശ്ഫി അൻതശ്ശാഫി ലാ ശിഫാഅ ഇല്ലാശിഫാഉക്ക ശിഫാഅൻ ലാ യുഗാദിറു സഖമാ**

മനുഷ്യരുടെ നാഥാ! ഈ അവശതയെ ദുരീകരിക്കുകയും ഇവരുടെ രോഗം നീ സുഖപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണമേ. യഥാർത്ഥത്തിൽ രോഗം സുഖപ്പെടുത്തുന്നത് നീയാണ്. നിന്റെ ശമനമല്ലതെ മറ്റു ആശ്വാസമാർഗ്ഗങ്ങളില്ല. രോഗത്തിന്റെ ഒരു ലക്ഷണവും അവശേഷിക്കാത്ത വിധം നീ ഇവർക്ക് ശിഫാ നൽകേണമേ.

ഈ പ്രാർത്ഥന തന്റെ കുടുംബാംഗങ്ങൾക്കുവേണ്ടി മാത്രമായിരുന്നില്ല. മറ്റുരോഗികളോടും നബി(സ) പെരുമാറിയിരുന്നത് ഇങ്ങനെതന്നെയാണ്. രോഗിയെ സന്ദർശിക്കാൻ പോകുമ്പോഴെല്ലാം അവർക്കുവേണ്ടി തീർച്ചയായും ദുആ ചെയ്തിരുന്നു.

സ്വഹാബിമാരോടുള്ള അനുകമ്പയും അവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും സംബന്ധിച്ച് നിവേദനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഹസ്റത്ത് ആയിശാബിൻത് സഅ്ദ്(റ) നിവേദനം ചെയ്യുന്നു. എന്റെ പിതാവ് എന്നോട് പറഞ്ഞു: ഞാൻ മക്കയിൽവെച്ച് തീരെ സുഖമില്ലാതായി. നബി(സ) തിരുമേനി എന്നെകാണാൻ വന്നു. അല്ലാഹുവിന്റെ റസൂലെ! ഞാൻ സ്വത്തുപേക്ഷിച്ചുപോവുകയാണ്. എനിക്ക് അനന്തരാവകാശിയായി എന്റെ മകൾ മാത്രമേയുള്ളു. അവൾക്കുവേണ്ടി ഞാൻ എത്ര സ്വത്താണ് മാറ്റിവെക്കേണ്ടത്? ( ആ സംസാരം ഇങ്ങനെ തുടർന്നു. നബി(സ) എത്രമാറ്റിവെക്കണമെന്ന് പറയുകയും ചെയ്തു. ഇവിടെ രോഗവുമായി ബന്ധപ്പെട്ടകാര്യമാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ആ കാര്യം ഞാൻ വിവരിക്കാം) അദ്ദേഹം പറയുന്നു: ഇതിനുശേഷം നബി(സ) തന്റെ പരിശുദ്ധമായ കൈ എന്റെ നെറ്റിത്തടത്തിൽവെച്ചു.

പിന്നീട് എന്റെ മുഖത്തും വയറ്റത്തും തടവിക്കൊണ്ട് ഇങ്ങനെ ദുആ ചെയ്തു.

**അല്ലാഹുമ്മശ്ഫി സഅ്ദൻ വ അതിമ്മ ലഹു ഹിജ്റത്ത**

അല്ലാഹുവേ! സഅ്ദിന് ശിഫാനൽകേണമേ. അദ്ദേഹത്തിന്റെ ഹിജ്റത്തിനെ പൂർത്തിയാക്കേണമേ. ഹസ്റത്ത് സഅ്ദ്(റ) പറയുന്നു: ഞാനിപ്പോഴും അതോർക്കുമ്പോൾ നബി(സ)തിരുമേനിയുടെ പരിശുദ്ധമായ കൈയ്യുടെ തണുപ്പ് എന്റെ വയറിനുമീതെയുള്ളതായി എനിക്കുതോന്നുന്നു.

ഇബ്നു മുൻഖദിർ(റ) നിവേദനം ചെയ്യുന്നു. ജാബിർബിൻ അബ്ദുല്ലാഹ്(റ) ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു. ഞാനൊരിക്കൽ സുഖമില്ലാതായി. നബികരീം(സ)മും ഹസ്റത്ത് അബൂബക്കറും എന്നെകാണാൻ വന്നു. ഞാൻ ബോധമറ്റുകിടക്കുന്നത് അവർകണ്ടു. അപ്പോൾ നബി(സ)തിരുമേനി വുളുചെയ്തു. വുളു ചെയ്തതിനുശേഷമുള്ള ബാക്കിവെള്ളം എന്റെ മേൽ മറിച്ചു. അതുമുഖേന എനിക്ക് ആശ്വാസം കിട്ടി. എനിക്ക് ബോധം വീണപ്പോൾ, അദ്ദേഹം പറയുന്നു, നബിതിരുമേനി എന്റെ അരികിൽ നിൽക്കുന്നതായി ഞാൻ കണ്ടു.

കഠിനമായ പനി അകറ്റുന്നതിനുവേണ്ടി ഇപ്പോഴും വെള്ളംകൊണ്ട് ചികിത്സിക്കാറുണ്ട്. എന്നാൽ, ഈ വെള്ളം ദുആകൊണ്ട് നിറഞ്ഞതായിരുന്നു. അദ്ദേഹത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യാനായിരിക്കണം അവിടന്ന് അപ്പോൾ വുളു ചെയ്തത്.

അബ്ദുല്ലാഹ്ബിൻ ഉമർ(റ) പറയുന്നു: ഞങ്ങൾ നബിതിരുമനേയുടെ സദസ്സിലിരിക്കുകയായിരുന്നു. ഒരു അൻസ്വാരി വന്നു. നബി(സ) തിരുമേനി അയാളോട് ചോദിച്ചു. എന്റെ സഹോദരാ! സഅ്ദ് ബിൻ ഉബാദയുടെ അവസ്ഥഎന്താണ്? അദ്ദേഹം പറഞ്ഞു: ഭേദമുണ്ട്. നബി(സ) അപ്പോൾ ചോദിച്ചു. അദ്ദേഹത്തെക്കാണാൻ ആരൊക്കെയാണ് എന്റെ കൂടെ വരുന്നത്? നബി(സ) എഴുന്നേറ്റു. അവർ പതിമൂന്നോളം പേർ നബിതിരുമേനിയോടൊപ്പം പോയി. ഹസ്റത്ത് സഅ്ദ്ബിൻ ഉബാദയുടെ സുഖവിവരങ്ങൾ അന്വേഷിച്ചു.

രോഗിയെ സന്ദർശിക്കണമെന്നും അവരെ സാന്ത്വനപ്പെടുത്തണമെന്നുമുള്ള ബോധം തന്റെ അനുചരൻമാരിൽ ഉണ്ടാക്കിതീർക്കാനാണ് നബി(സ) ഒന്നാമതായി ഇങ്ങനെ ചെയ്തത്. മറ്റൊന്ന് രോഗിക്കുവേണ്ടിപ്രാർത്ഥിക്കുക എന്നത് നബി തിരുമേനിയുടെ നടപടിക്രമമായിരുന്നു. കൂടുതൽ ആളുകൾ ദുആയിൽ പങ്കെടുക്കുമെന്നതായിരുന്നു രണ്ടാമത്തെകാര്യം.

രോഗം പിടിപെടുമ്പോൾ മനുഷ്യന്റെ വികാരാവേശങ്ങളെ അത് ശരിക്കും ബാധിക്കുന്നതാണ്. സ്വന്തം നാട്ടിൽ നിന്ന് ദൂരത്തെവിടെയെങ്കിലുംവെച്ചാണ് രോഗം പിടിപെടുന്നതെങ്കിൽ സ്വന്തം നാട് ഓർമ്മവന്നുകൊണ്ടിരിക്കും. ഹസ്റത്ത് അബൂബക്കറും ഹസ്റത്ത് ബിലാലും ഒരിക്കൽ സുഖമില്ലാതെയായി. അവരുടെ അവസ്ഥയും ഏതാണ്ട് ഇതുപോലെയായിരുന്നു. അതിനെക്കുറിച്ച് ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ(റ) പറയുന്നു: ഹസ്റത്ത് നബി(സ)മദീനയിൽ വന്നപ്പോൾ അബൂബക്കറിനും ബിലാലിനും പനിപിടിച്ച് കിടക്കുകയായിരുന്നു. ഹസ്റത്ത് ആയിശ(റ) പറയുന്നു. ഞാൻ അവരെ കാണാൻ പോയി. ഹസ്റത്ത് അബൂബക്കറിനോട് ഞാൻ ചോദിച്ചു അബ്ബാ! അങ്ങയുടെ അവസ്ഥ എന്താണ്? ബിലാലെ അങ്ങയുടെ അവസ്ഥഎന്താണ്? ഹസ്റത്ത് ആയിശ(റ) പറയുന്നു. ഹസ്റത്ത് അബൂബക്കറിന് പനിയുണ്ടാകുമ്പോൾ, ഈ പദ്യശകലം ചൊല്ലുമായിരുന്നു:

കുല്ലംരിയിൻ മുസബ്ബഹു ഫീ ആലിഹീ
വൽമൗതു അദ്നാഹും ശറാക്കി നാലിഹീ

ഓരോവ്യക്തിയും തങ്ങളുടെ വീട്ടുകാർക്കിടയിൽ ഉണരുന്നു. വസ്തവത്തിൽ മരണം അവന്റെ ചെരുപ്പിന്റെ വാറിനെക്കാൾ അടുത്താണ്.

ഹസ്റത്ത് ബിലാൽ(റ)ന്റെ പനി വിട്ടുമാറുമ്പോൾ, തന്റെ പുതപ്പ് നീക്കി മക്കയെ ഓർമ്മിച്ചുകൊണ്ട് ഈ പദ്യ ശകലം ചൊല്ലുമായിരുന്നു. അതിന്റെ ഉള്ളടക്കമിതാണ്. മലയടിവാരത്ത് ഞാൻ തനിച്ച് രാത്രികഴിച്ചു കൂട്ടുന്ന ഒരുകാലം എനിക്കും വരും. അപ്പോൾ എന്റെ ചുറ്റും പുല്ലുകളും ചെടികളും വളർന്നുനിൽക്കുന്നുണ്ടാകും. ഹസ്റത്ത് ആയിശാ(റ) പറയുന്നു. ഹസ്റത്ത് അബൂബക്കർ, ഹസ്റത്ത് ബിലാൽ (റ.മാ) എന്നിവരുടെ ഈ അവസ്ഥകണ്ടപ്പോൾ ഞാൻ വന്ന് അത് നബിതിരുമേനിയോടു പറഞ്ഞു. അപ്പോൾ നബി(സ) ദുആ ചെയ്തു. അല്ലാഹുവേ ഞങ്ങൾക്ക് മക്കയേക്കാൾ മദീനയെ കൂടുതൽ പ്രിയമുള്ളതാക്കിയാലും. അതിലെ കാറ്റും വെള്ളവും നല്ലതാക്കിതന്നാലും. ഇതിൽ നങ്ങൾക്ക് ബർക്കത്ത് തന്നാലും. ഇതിലെ രോഗത്തെ അകറ്റിയാലും.

നബി(സ) തിരുമേനി അവരുടെ വികാരങ്ങളെ മനസ്സിലാക്കിക്കൊണ്ട്, അവരുടെ ശിഫായ്ക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് ജൻമനാട്ടിൽ നിന്ന് അകന്നകാരണത്താൽ അവർക്കുണ്ടാകുന്ന വിഷമമകറ്റാൻ മദീനയുമായി സ്നേഹമുണ്ടാക്കാനും ദുആ ചെയ്തു.

ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശാ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനിയുടെ കുടുംബക്കാരിലാരെങ്കിലും രോഗിയായാൽ അവിടന്ന് മുഅവ്വദാത് അതായത് **ഖുൽഅഊദു ബിറബ്ബിൽ ഫലഖ്, ഖുൽഅഊദു ബിറബ്ബിന്നാസ്** ഓതി ഊതുമായിരുന്നു. ഹസ്റത്ത് ആയിശാ(റ) പറയുന്നു. നബി(സ) തിരുമേനി അവസാനമായി

രോഗബാധിതനായപ്പോൾ ഞാനും നബിയുടെ കൈയ്യിൽ ഈ സൂറത്തുകൾ ഓതി ഊതുമായിരുന്നു. നബിയുടെ കൈ ശരീരത്തിൽ തടവിക്കുകയും ചെയ്തു. കാരണം നബിയുടെ കൈ ഏറ്റവും അനുഗ്രഹപൂരിതമായിരുന്നു. നബിതിരുമേനി പഠിപ്പിച്ചത് സ്വഹാബത്തും പ്രയോഗിച്ചിരുന്നു.

ഹസ്റത്ത് അബൂഹുറയ്റ(റ) യിൽ നിന്ന് നിവേദനം. നബി(സ) പനിപിടിപെട്ട ഒരു രോഗിയെ സന്ദർശിച്ചു. അയാളോടുപറഞ്ഞു: മംഗളപ്രദ മായിരിക്കട്ടെ. അല്ലാഹു പറയുന്നു. പനി എന്റെ തീയാണ്. ഞാനതിനെ എന്റെ പാപിയായ ദാസന്റെ മേൽഇറക്കുന്നത്, നരകത്തിൽ അവനുള്ള അംശം ഈലോകത്ത് അവന് ലഭിക്കുന്നതിനു വേണ്ടിയാണ്.

ഇങ്ങനെ അവിടന്ന് അദ്ദേഹത്തെ സമാധാനിപ്പിക്കുകയും ക്ഷമിക്കാൻ ഉപദേശിക്കു കയും ചെയ്തു. രോഗിയെ അയാളുടെ അവസ്ഥയനുസരിച്ച്, അയാളുടെ ഈമാന്റെ അവസ്ഥയനുസരിച്ച് സമാധാനിപ്പിക്കുന്ന വാക്കു കളും അവിടന്ന് പറയുമായിരുന്നു.

ഹസ്റത്ത് സയ്ദ് ബിൻ അർഖം(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് കണ്ണുരോഗം ബാധിച്ചപ്പോൾ നബി(സ) എന്നെകാണാൻ വന്നിരുന്നു.

ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശാ(റ) നിവേദനം ചെയ്യുന്നു. ഖന്തക് യുദ്ധത്തിൽ സഅ്ദ് ബിൻ മുആദ്(റ) ന്റെ തോളിൽ ഒരു ശത്രു കുന്തം കൊണ്ട് കുത്തി മുറിവേൽപ്പിച്ചു. അവിടത്തെ ഞരമ്പ് മുറിഞ്ഞുപോയി. നബി(സ) അദ്ദേഹത്തിന് താമസിക്കാൻ മസ്ജിദുന്നബ്വിയിൽ തന്നെ തമ്പടിപ്പിച്ചു; അടുത്തിരുന്ന് അദ്ദേഹത്തെ ശുശ്രൂഷിക്കാൻ വേണ്ടി. ചികിത്സിച്ചിട്ടും മുറിവു ണങ്ങാതിരുന്നപ്പോൾ അവിടന്ന് സ്വഹാബത്തി നോടുള്ള സ്നേഹം കാരണത്താൽ അദ്ദേഹത്തെ തന്റെയടുത്ത് പാർപ്പിക്കുന്നത് ഉത്തമമായി മനസ്സി ലാക്കി. അദ്ദേഹത്തെ ചികിത്സിക്കാൻ അവിടന്ന് ഒരു നേഴ്സിനെ ഏർപ്പാടാക്കിയിരുന്നതായും നിവേദന ത്തിൽ വന്നിട്ടുണ്ട്. യുദ്ധത്തിൽ പരിക്കേറ്റവരെ ചികിത്സിക്കുന്നതിനായി പള്ളിയിൽ ഇത്തരം തമ്പുകൾ നാട്ടിയിരുന്നു.

അവിടെ നഴ്സിംഗ് തുടങ്ങിയവയും നടത്തിയി രുന്നു. ഹസ്റത്ത് ഉമ്മുഅലാഅ്(റ) വിവരിക്കുന്നു. എനിക്ക് സുഖമില്ലാതായി. നബി(സ) എന്നെകാണാൻ വന്നു. എന്നെസമാധാനപ്പെടുത്തി ക്കൊണ്ട് പറഞ്ഞു, ഉമ്മുഅലാഅ്! രോഗത്തിന് ഒരു നല്ല വശവുമുണ്ട്. കാരണം തീയ് സ്വർണ്ണത്തിന്റേയോ വെള്ളിയു ടേയോ അഴുക്കുകളെ അകറ്റുന്നതുപോലെ അല്ലാഹു തആല രോഗം കൊണ്ട് ഒരു മുസൽമാന്റെ പാപങ്ങ ളെ അകറ്റുന്നു. നോക്കുക ഏതെല്ലാം രീതിയിലാണ് നബി(സ) രോഗികളെ സമാധാനപ്പെടുത്തിക്കൊണ്ടി രുന്നത്.

രോഗത്തെ അതും ഇതും പറഞ്ഞ് പഴിക്കുന്നത് നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. ഹസ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഉമ്മുസാഇബിന്റെ അടുക്കൽപോയി. അവർ അങ്ങേയറ്റം വിഷമിക്കുന്നതായികണ്ടു. നബി(സ)തിരുമേനി നിനക്ക് എന്താണ് ഉണ്ടായതെന്ന് ചോദിച്ചു. ഉമ്മുസാഇബ് പറഞ്ഞു. പനി ബാധിച്ചു. അല്ലാഹു അതിനെ തുലയ്ക്കട്ടെ! ഇതുകേട്ട് നബി(സ)പറഞ്ഞു. ക്ഷമിക്കുക. പനിയെ ചീത്തപറയ രുത്. കാരണം ഉല സ്വർണ്ണത്തിലെ അഴുക്ക് അകറ്റുന്നതുപോലെ ഇത് സത്യവിശ്വാസിയുടെ പാപങ്ങളെ അകറ്റുന്നു. അല്ലാഹുവിനോട് ശിഫായ്ക്കുവേണ്ടി ദുആ തീർച്ചയായും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അത് നബി(സ) രോഗികൾക്കുവേണ്ടി ചെയ്യാറുണ്ടായിരുന്നു. പക്ഷെ, രോഗത്തെ പഴിക്കാൻ പാടില്ല. ദുആയും ദാനധർമ്മ വും കൊണ്ട് അല്ലാഹുവിനോട് സഹായം തേടേണ്ടതാണ്. ഈ ക്ഷമിക്കാനുള്ള അധ്യാപനം മറ്റുള്ളവരെ ഉപദേശിക്കുക മാത്രമല്ല ചെയ്തത്, സ്വയം രോഗിയാകുമ്പോഴും ക്ഷമയുടെ ഉദാത്തമായ മാതൃക അവിടന്ന് കാണിച്ചിരുന്നു.

നബി(സ)ന് രോഗം ബാധിച്ചപ്പോഴുണ്ടായ ഒരു സംഭവം നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹസ്റത്ത് അബൂസഈദ് ഖുദ്രി(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനിയ്ക്ക് പനിയായിരു ന്നു. അവിടന്ന് പുതച്ചുകിടക്കുകയായിരുന്നു. ഹസ്റത്ത് അബൂസഈദ് ഖുദ്രീ(റ) നബിയുടെ മേൽ കൈവെച്ചു. പുതപ്പിന്റെ മുകളിലൂടെ നബി(സ)യുടെ പനിയുടെ ചൂട് അനുഭവപ്പെട്ടു. അല്ലാഹുവിന്റെ റസൂലെ! അങ്ങയ്ക്ക് കഠിനമായ പനിയുണ്ടല്ലോ? അതുകേട്ടപ്പോൾ നബി(സ) പറഞ്ഞു: ഇപ്രകാരം നമ്മിൽ കഠിനമായ പരീക്ഷണങ്ങൾ വരുന്നു. പ്രതിഫലവും നമുക്ക് അധികമായി നൽകപ്പെടുന്നു.

ഹസ്റത്ത് അബൂസഈദ് ഖുദ്രീ(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ ഏറ്റവും കൂടുതൽ പരീക്ഷണങ്ങൾ അഭിമുഖീകരിക്കേണ്ടിവരു ന്നതാർക്കാണ്? നബി(സ) പറഞ്ഞു: അമ്പിയാക്കൻ മാർക്ക്. അതിനുശേഷം സുലഹാഅ്, സാലിഹായ ആളുകളുകളിൽ ചിലരെ ദാരിദ്ര്യം കൊണ്ട് പരീക്ഷിക്കുന്നു. ദാരിദ്ര്യം കാരണം ഉടുക്കാൻ അവരുടെ കൈയ്യിൽ ജുബ്ബമാത്രമേ ഉണ്ടാകുകയുള്ളു. അതുകൊണ്ടവർ തുണിയു ടേയും ജുബ്ബയുടേയും കാര്യം നിറവേറ്റുന്നു. ചിലപ്പോൾ അവരെ പേൻ കൊണ്ട് പരീക്ഷിക്കുന്നു. എത്രമാത്രം അധികമെന്നു പറഞ്ഞാൽ, അതിനെ കൊല്ലുകയും ചെയ്യുന്നു. നിങ്ങളിലാർക്കെങ്കിലും നല്ലസാധനങ്ങൾ കിട്ടുമ്പോൾ സന്തോഷിക്കുന്ന തുപോലെ, ഇത്തരം പരീക്ഷണങ്ങളിൽ അവർ സന്തോഷിക്കുന്നു. ഇതാണ് നബി(സ)യുടെ ജീവിതമാതൃക. രോഗം വരുമ്പോൾ ക്ഷമിക്കുകയും

അല്ലാഹുവിന്റെ മുമ്പിൽ കൂടുതൽ കുനിയുകയും ചെയ്യുക.

അമ്പിയാക്കൾ പരിശുദ്ധൻമാരാണ്; നബി(സ) എല്ലാവരേക്കാളും അധികം പരിശുദ്ധനായിരുന്നു. എന്റെ ശയ്ത്വാനും മുസ്‌ലിമായിരിക്കുന്നുവെന്ന് അവിടന്ന് പറഞ്ഞു. അമ്പിയാക്കൻമാർക്കുണ്ടാകുന്ന രോഗവും പനിയുമെല്ലാം അവരെ പാപങ്ങളിൽ നിന്ന് പരിശുദ്ധൻമാരാക്കാനല്ല; ക്ഷമയുടേയും സംതൃപ്തിയുടേയും ഒരു മാതൃക കാണിക്കാൻവേണ്ടിയാണ്. അവർ ഉപദേശകർ മാത്രമല്ല സ്വയം അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാണെന്ന് വിശ്വാസികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ വേണ്ടിയാണ്. നബി(സ)യുടെ മാതൃകയെ പിൻപറ്റിക്കൊണ്ട് സ്വഹാബത്തും രോഗങ്ങൾ ഉണ്ടാകുമ്പോൾ ദുആകളിൽ ശക്തി ചെലുത്തുമായിരുന്നു. ഈ രീതി മുമ്പോട്ടുവ്യാപിക്കുകയും ചെയ്തിരുന്നു.

അബദുൽഅസീസ് നിവേദനം ചെയ്യുന്നു. ഞാനും ഥാബിത്തും അനസിബ്നുമാലിക്(റ)ന്റെയടുക്കൽപ്പോയി. ഥാബിത് പറഞ്ഞു: അബൂഹംസേ! ഞാൻ രോഗിയായിരിക്കുന്നു. അപ്പോൾ അനസ് ഥാബിതിനോട് ചോദിച്ചു. നബി(സ) രോഗികളെ ഓതിഊതിയതുപോലെ ഞാനും ഓതിഊതട്ടെ. അദ്ദേഹം പറഞ്ഞു: എന്തുകൊണ്ട് ചെയ്തുകൂടാ. അപ്പോൾ ഹസ്റത്ത് അനസ്(റ) ഈ വാക്കുകൾ ചൊല്ലിഓതി.

അല്ലാഹുമ്മ റബ്ബന്നാസി മുദ്ഹിബുൽ ബഅ്സി ഇശ്ഫി അൻതശ്ശാഫി ലാ ശാഫീ ഇല്ലാ അൻത ശിഫാഅൻ ലായുഗാദിറു സഖമാ

ക്ലേശങ്ങൾ അകറ്റുന്ന ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ! നീ ഇദ്ദേഹത്തിന് രോഗ ശമനം നൽകേണമേ. വാസ്തവത്തിൽ നീയാണ് ശിഫാ നൽകുന്നവൻ. നിന്നെ കൂടാതെ ശിഫാ നൽകുന്നവനായി ആരും തന്നെയില്ല. രോഗത്തിന്റെ ഒരു ലക്ഷണവും ബാക്കിയാകാത്ത വിധം നീ ഇദ്ദേഹത്തിന് ശിഫാനൽകേണമേ!

രോഗത്തെപഴിക്കുന്നതിനുപകരം രോഗി തനിക്കുവേണ്ടിയും ദുആചെയ്യേണ്ടതാണ്. രോഗിയെകാണാൻ പോകുന്നവരും രോഗിക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ദുആയോടൊപ്പം സദഖയും കൊടുക്കേണ്ടതാണ്. നബി(സ) ഇതുസംബന്ധിച്ച് ഒരുപാട് ഉപദേശിച്ചിട്ടുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അവിടന്ന് പറഞ്ഞു: നിങ്ങളുടെ രോഗികളുടെ ചികിത്സ സദഖയോടുകൂടി നടത്തുക. രോഗങ്ങളിൽ നിന്നും, വരും വിപത്തുകളിൽ നിന്നും ഇതു നിങ്ങളെ അകറ്റിനിർത്തുന്നതാണ്.

രോഗം വരുമ്പോൾ സദഖ കൊടുക്കാൻ പറഞ്ഞിരിക്കുന്നു. ഇതും ഒരുതരത്തിലുള്ള ചികിത്സയാണ്. പിന്നീട് രോഗങ്ങളിൽ നിന്നും വിപത്തുകളിൽ നിന്നും രക്ഷപ്പെടുന്നതിനും സദഖ കൊടുക്കാൻ പറഞ്ഞു. ചെറുതും വലുതുമായ പരീക്ഷണങ്ങൾ വന്നുകൊണ്ടിരിക്കുമ്പോൾ ഈ സദഖ കാരണത്താൽ അല്ലാഹുതആല അതിന്റെ ദുഷ്ഫലങ്ങളിൽ നിന്ന് അകറ്റിനിർത്തുന്നതാണ്.

രോഗികളെ കാണാൻ പോകുമ്പോൾ അവരുടെ ആഗ്രഹമനുസരിച്ച് ഭക്ഷണം കൊടുക്കാനും നബി(സ) ശ്രദ്ധിച്ചിരുന്നു. ഒരു വശവും നബി(സ) വിട്ടുകളഞ്ഞിട്ടില്ല. ഇതുസംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) ഒരുരോഗിയെകാണാൻ പോയി. എന്തുകഴിക്കാനാണ് താങ്കൾ ആഗ്രഹിക്കുന്നതെന്ന് നബി(സ) ചോദിച്ചു. താൻ ഗോതമ്പുറൊട്ടി കഴിക്കാനാഗ്രഹിക്കുന്നുവെന്ന് അയാൾ പറഞ്ഞു. (അക്കാലത്ത് എല്ലാവർക്കും കിട്ടുന്ന ഭക്ഷണമായിരുന്നില്ല ഗോതമ്പുറൊട്ടി.) അയാളുടെ വാക്കുകൾ കേട്ട് നബി(സ) പറഞ്ഞു, ഗോതമ്പുറൊട്ടിയുള്ളവർ തന്റെ സഹോദരനു കൊടുക്കുക. പിന്നീട് നബി(സ) പറഞ്ഞു: നിങ്ങളുടെ രോഗി നിങ്ങളോട് എന്തെങ്കിലും ആഹാരം ആവശ്യപ്പെട്ടാൽ അയാളെ ഭക്ഷിപ്പിക്കേണ്ടതാണ്.

മറ്റൊരു നിവേദനമുണ്ട്. ഹസ്റത്ത് അനസ് ബിൻമാലിക് (റ) നിവേദനം ചെയ്യുന്നു. നബി(സ) രോഗിയെ കാണാൻ പോയി എന്തെങ്കിലും കഴിക്കാനാഗ്രഹിക്കുന്നുണ്ടോ എന്ന് അയാളോട് ചോദിച്ചു. എന്നിട്ട് സ്വയം ചോദിച്ചു പാലും ശർക്കരയും ചേർത്ത് ഗോതമ്പു മാവ് കുഴച്ചുണ്ടാക്കിയ റൊട്ടി തിന്നാൻ ആഗ്രഹിക്കുന്നുണ്ടോ? (മധുരമുള്ള ഈ റൊട്ടി നല്ല രുചിയുള്ളതാണ്) ആ രോഗി പറഞ്ഞു: അതെ. ആ റൊട്ടി തയ്യാറാക്കി ആ രോഗിക്ക് കൊടുക്കാൻ നബി(സ) നിർദ്ദേശിച്ചു.

ചിലഡോക്ടറൻമാർ ചിലസാധനങ്ങൾ കഴിക്കരുതെന്ന് രോഗിയോട് പറയാറുണ്ട്. എന്നാൽ, നബി(സ) രോഗിയുടെ ആവശ്യം നിറവേറ്റി കൊടുക്കാൻ പറയുമായിരുന്നു. രോഗിയുടെ ആഹാരം പൊതുവെ വളരെ കുറഞ്ഞതോതിലുള്ളതായിരിക്കും. ഒരു രോഗിക്ക് എത്ര രുചികരമായ ഭക്ഷണമാണെങ്കിലും എത്രയാണ് തിന്നാൻ കഴിയുക. അതുകൊണ്ട് എന്തുകേടുണ്ടാകാനാണ്. ഡോക്ടർ നിയന്ത്രണം ഏർപ്പെടുത്തിയാൽ രോഗി കൂടുതൽ ക്ഷീണിക്കാൻ തുടങ്ങുന്നു. എന്നാൽ ഇന്നത്തെ ഡോക്ടറൻമാർ പറയുന്നത് രോഗിക്ക് ആവശ്യമുള്ള ആഹാരം കൊടുത്തുകൊള്ളാനാണ്. എന്നാൽ നമ്മുടെ വൈദ്യൻമാർ ഇതിൽ ഒരു വിട്ടുവീഴ്ചയും ഇല്ലാത്തവരാണ്. എന്തെങ്കിലും മരുന്ന് അവരുടെ കൈയ്യിൽ നിന്ന് വാങ്ങിയാൽ അതിനോടൊപ്പം കഴിക്കാൻപാടില്ലാത്ത ഭക്ഷണത്തിന്റെ ഒരു പട്ടികയും തരും. ഇങ്ങനെയൊക്കെ നിയന്ത്രിക്കു

ന്നതുകൊണ്ട് ചിലപ്പോൾ രോഗിയുണ്ടാവില്ല. അല്ലെങ്കിൽ രോഗമുണ്ടാവില്ല.

ശിഫാ കിട്ടുന്നതിനും ദുആ ചെയ്യേണ്ടരീതികൾ നബിതിരുമേനി രോഗികളെ പഠിപ്പിച്ചിട്ടുണ്ട്. ഹസ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു. നബി(സ) ഒരു മുസ്‌ലിം രോഗിയെ കാണാൻ പോയി. അയാൾ രോഗം കാരണത്താൽ ചെറുതായി ചെറുതായി എലിയെ പോലെ ആയിതീർന്നിരുന്നു. നബി(സ) അയാളോട് ചോദിച്ചു. താങ്കൾ എന്തെങ്കിലും പ്രത്യേകം ദുആ ചെയ്യുന്നുണ്ടോ?. ഞാനീ ദുആചെയ്യുന്നുവെന്ന് അയാൾ മറുപടി പറഞ്ഞു: അല്ലാഹുവെ! എനിക്ക് പരലോകത്ത് നൽകാൻ വച്ചിരിക്കുന്ന ശിക്ഷ, ഈ ദുൻയാവിൽ തന്നെ തരേണമേ. ഇതുകേട്ടുകൊണ്ട് നബി(സ) പറഞ്ഞു: സുബ്ഹനല്ലാഹ്! നിങ്ങൾക്കതിന് ശേഷിയില്ല. **അല്ലാഹുമ്മ ആതിനാ ഫിദ്ദുൻയാ ഹസ്നത്തിൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖ്നാ അദാബന്നാർ** എന്ന് എന്തുകൊണ്ട് ദുആ ചെയ്യുന്നില്ല. അല്ലാഹുവേ നീ ഞങ്ങൾക്ക് ഇഹത്തിലും പരത്തിലും നൻമനൽകി അനുഗ്രഹിച്ചാലും. ഞങ്ങളെ അഗ്നിശിക്ഷയിൽ നിന്ന് രക്ഷിച്ചാലും.

നിവേദകൻ പറയുന്നു: ആ രോഗി ഇങ്ങനെ ദുആ ചെയ്തപ്പോൾ അല്ലാഹു അയാൾക്ക് ശിഫാ നൽകി. അതുകൊണ്ട് ഇഹലോകനൻമയും അല്ലാഹുവിൽ നിന്ന് വാങ്ങേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, ഭൗതീകമായ രോഗം കണ്ടുകൊണ്ട് അവിടന്ന് അസ്വസ്ഥനാകുമായിരുന്നു. സമാധനപ്പെടുത്തിയിരുന്നു. ദുആ ചെയ്തിരുന്നു. ആത്മീയമായ രോഗികൾക്കുവേണ്ടിയും ദുഃഖിതനായിരുന്നു. ആരെങ്കിലുമായി ബന്ധമുണ്ടെങ്കിൽ പിന്നെ പറയുകയും വേണ്ട. അയാൾ എങ്ങനെയെങ്കിലും പരിശുദ്ധഹൃദയനായിതീരാൻ ശ്രദ്ധിച്ചിരുന്നു. അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രവേശിക്കുമ്പോൾ, അവന്റെ കരുണാദൃഷ്ടി അവരുടെ മേൽ പതിയണമെന്നാഗ്രഹിച്ചിരുന്നു.

ഹദീസിൽ ഒരു സംഭവത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു. ഹസ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. ഒരു ജൂതപരിചാരകൻ നബി(സ)ക്ക് ഖിദ്മത്ത് ചെയ്തിരുന്നു. അങ്ങനെ അവൻ രോഗബാധിതനായപ്പോൾ നബി(സ) അവനെ സന്ദർശിക്കാൻ ചെന്നു. അങ്ങനെ തലഭാഗത്ത് ഇരുന്നുകൊണ്ട് പറഞ്ഞു: നീ മുസ്‌ലിമാകുക. ഉടനെ അവന്റെ അരികിൽ നിന്ന പിതാവിനെ അവനൊന്ന് തിരിഞ്ഞ് നോക്കിയപ്പോൾ പിതാവ് പറഞ്ഞു: നീ അബുൽ കാസിം പറയുന്നതുപോലെ ചെയ്യുക. അബുൽകാസിം എന്നത് നബി(സ)യുടെ ഉപനാമമായിരുന്നു. അനന്തരം അവൻ മുസ്‌ലിമായി. അദ്ദേഹത്തെ നരകത്തിൽ നിന്നും രക്ഷിച്ച അല്ലാഹുവിനാണ് സർവ്വസ്തുതിയും എന്ന് സന്തോഷത്തോടെ പറഞ്ഞുകൊണ്ട് നബി(സ) മടങ്ങിവന്നു.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ) പറയുന്നു. രോഗിയെക്കാണാൻ പോകുമ്പോൾ ബഹളമുണ്ടാക്കരുത്. രോഗിയുടെ അടുക്കൽ അധികനേരം ഇരിക്കുകയുമരുത്. എന്തുകൊണ്ടെന്നാൽ രാഗിയുടെ അടുക്കൽ കുറച്ചുനേരമിരിക്കുന്നത് സുന്നത്താണ്.

രോഗിയുടെ മുറിയിൽ കുത്തിയിരുന്ന് കുശുകുശുക്കുന്നതും ഉറക്കെസംസാരിക്കുന്നതും, കൂടുതൽ നേരം ഇരിക്കുന്നതും നബിയുടെ ചര്യക്ക് എതിരാണ്. രോഗിയെ കണ്ടതിനുശേഷം തിരിച്ചുപോരേണ്ടതാണ്. ശുശ്രൂഷയ്ക്കായി ബന്ധുക്കളാണ് നിൽക്കേണ്ടത്. ആശുപത്രിയിലാണെങ്കിൽ അവിടത്തെ സംവിധാനമനുസരിച്ച്. ചിലപ്പോൾ കാണാൻ വരുന്ന ബന്ധുക്കളുടെ തിരക്കുകൊണ്ട് അടുത്ത രോഗികൾക്കും ശല്ല്യമുണ്ടാകുന്നതാണ്; കുട്ടികളുടേയും അവരുടെ തന്നെയും ബഹളം കൊണ്ട്. അത്തരം സന്ദർഭങ്ങളിൽ ആശുപത്രി അധികൃതർക്ക് കടുത്തഭാഷയിൽ സംസാരിക്കേണ്ടിവരുന്നു. കൂടുതൽ ശല്യം ഉണ്ടാക്കുക എന്നത് നമ്മുടെ സമൂഹത്തിലെ പൊതുവെയുള്ള ശീലമാണ്. ചിലപ്പോൾ രോഗിയുടെ അടുക്കൽ കൂടിനിൽക്കുന്ന കാരണത്താൽ വായുവും മലിനമാകും. അതു മുഖേന രോഗിയുടെ വിഷമം കൂടുകയും ചെയ്യാം. അതുകൊണ്ട് നബി(സ) ആദ്യമെതന്നെ നമുക്ക് മാതൃക കാണിച്ചുതന്നു. രോഗിയെ സന്ദർശിക്കുക. അയാളെ സാന്ത്വനപ്പെടുത്തുക. അയാൾക്കുവേണ്ടി ദുആ ചെയ്യുക. തിരിച്ചുപോരുക. അവിടെ കൂടിയിരുന്ന് സഭചേരരുത്. രോഗിയുടെ വീട്ടുകാരും രോഗിയുടെ അടുക്കൽ റശ്ശുണ്ടാക്കരുത്.

തന്റെ ഉമ്മത്തിനോടും ഈ ധാർമ്മിക ഗുണത്തെ സ്വായത്തമാക്കാനും രോഗിയെ സന്ദർശിക്കാനും പറയുകയുണ്ടായി. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: അന്ത്യദിനത്തിൽ അല്ലാഹു പറയും ആദം സന്തതി! ഞാൻ രോഗബാധിതനായി നീ എന്നെ സന്ദർശിച്ചില്ല. അവൻ പറയും. എന്റെ നാഥാ! നീ സർവ്വലോക സംരക്ഷകനായിരിക്കേ ഞാൻ നിന്നെ എങ്ങനെ സന്ദർശിക്കും? അല്ലാഹുപറയും. എന്റെ ഇന്ന ദാസൻ രോഗബാധിതനായത് നിനക്ക് അറിയില്ലേ? എന്നിട്ട് നീ അവനെ സന്ദർശിച്ചില്ലല്ലോ? നിനക്ക് അറിഞ്ഞുകൂടെ! അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ അവിടെ വെച്ച് നീ എന്നെ കുണ്ടുമുട്ടുമെന്ന്. അവനെ സന്ദർശിക്കൽ എന്നെ സന്ദർശിക്കലാകുമായിരുന്നു.

അതുകൊണ്ട്, രോഗികളെ സന്ദർശിക്കലും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്. നമ്മൾ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ശാഖാസംഘടനകൾ പ്രത്യേകിച്ച്

ഖിദ്മത്തെ ഖൽഖ് വിഭാഗം, ലജനയ്ക്കും, ഖുദ്ദാമിനും, അൻസാറിനുമുണ്ട്. അവർ പരിപാടി യുണ്ടാക്കണം. രോഗികളെ സന്ദർശിക്കണം. ആശുപത്രികളിൽ പോകണം. സ്വന്തക്കാരേയും അന്യരേയും സന്ദർശിക്കുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല. ഇതും സുന്നത്തനുസരിച്ച് തന്നെയാണ്. കൂടുതൽ കൂടുതൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള വഴി സ്വീകരിക്കാൻ നാമെപ്പോഴും പരിശ്രമിക്കേണ്ടതാണ്.

നബി(സ) രോഗിയെ സന്ദർശിക്കേണ്ടത് എങ്ങനെയാണെന്ന് നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. നബി(സ) പറഞ്ഞു: രോഗിയെ സന്ദർശിക്കുന്നതിന് ഉത്തമമായ മാർഗ്ഗം രോഗിയുടെ അടുക്കൽ പോകുകയും അയാളുടെ നെറ്റിയിലും കൈകളിലും കൈവെച്ചുകൊണ്ട് വിവരം അന്വേഷിക്കുകയും വേണം. പരസ്പരം കണ്ടുമുട്ടുന്നതിനും കൂടിച്ചേരു ന്നതിനുമുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം ഹസ്തദാനം ചെയ്യുക എന്നതാണ്. ഇപ്രകാരം സ്നേഹം വർധിക്കും. നബി(സ) സ്വഹാബത്തിനോട്, രോഗികളെ സന്ദർശിക്കാൻ കല്പിച്ചിരുന്നതായും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ കല്പന നാമെല്ലാവരും നിറവേറ്റേണ്ടതാണ്.

നബി(സ) പറഞ്ഞു: ഏതെങ്കിലും രോഗിയെ സന്ദർശിക്കാനോ ജനാസയിൽ പങ്കെടുക്കാനോ പോകുകയാണെങ്കിൽ നല്ലകാര്യങ്ങൾ പറയുക. കാരണം നിങ്ങൾ പറയുന്നതിന് മലക്കുകൾ ആമീൻ പറയുന്നസന്ദർഭമാണത്. അവിടെയും നല്ലകാര്യങ്ങൾ പറയുക. ദുആ ചെയ്യുക; രോഗിക്കുവേണ്ടിയും തനിക്കുവേണ്ടിയും.

രോഗിയെ സന്ദർശിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് നബി(സ) പറഞ്ഞു: അബൂഹുറയ്റ നിവേദനം ചെയ്യുന്നു. നബി(സ)പറഞ്ഞു: ആരാണോ രോഗിയെ സന്ദർശിക്കുന്നത്, അല്ലെങ്കിൽ അല്ലാഹുവിന്റെ തൃപ്തിക്കായി ഏതെങ്കിലും സഹോദരനെ കാണാൻ പോകുന്നത്, അല്ലാഹുവിൽ നിന്ന് വിളിച്ചു പറയുന്നയാൾ ഇങ്ങനെ ഉറക്കെ വിളിച്ചുപറയും നീ സന്തോഷവാനായിരിക്കുക. നിന്റെ നടത്തം അനു ഗ്രഹീതമായിരിക്കുന്നു. സ്വർഗ്ഗത്തിലായിരിക്കട്ടെ നിന്റെ വാസസ്ഥാനം.

യഥാർത്ഥത്തിൽ ഒരുമനുഷ്യൻ മറ്റൊരു മനുഷ്യനോട് സഹതാപം കാണിക്കുന്നകാരണ ത്താലാണ് ഈ വിളംബരം. അതുകൊണ്ട് ഈ വികാരങ്ങളെ ചലിപ്പിക്കാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നാം നബി(സ) യുടെ മാതൃകയിലൂടെ നടന്ന് അല്ലാഹവിന്റെ തൃപ്തിയും അവന്റെ സ്വർഗ്ഗവും കരസ്ഥമാക്കു ന്നവരായിതീരുന്നത്.

നബി(സ) രോഗിയെ സന്ദർശിക്കുമ്പോൾ, ചിലപ്പോൾ ചില മരുന്നുകളും പറഞ്ഞുകൊടുക്കു മായിരുന്നു. നിവേദനങ്ങളിൽ നിന്ന് ഇത് ലഭിക്കുന്നുണ്ട്. ഒന്നുരണ്ടെണ്ണം ഞാൻ പറയാം. നബി(സ)ന് രോഗികളെ സംബന്ധിച്ച് എത്രമാത്രം ചിന്തയായിരുന്നു എന്നതിന് തെളിവാണിത്. അവരുടെ ചികിത്സ, ശുശ്രൂഷ, ഭക്ഷണം തുടങ്ങിയ വയിലെല്ലാം ശ്രദ്ധചെലുത്തിയിരുന്നു. ചിലരോഗ ങ്ങൾ ചികിത്സിക്കുകയും ചെയ്തിരുന്നു.

ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു, നബി(സ) ഇങ്ങനെ പറയുന്നതായികേട്ടു. കലൗഞ്ചിയിൽ (ഒരുതരം കറുത്ത വിത്ത്. അച്ചാറുകളിൽ അധികവും ഇത് ഉപയോഗിക്കാറുണ്ട്) എല്ലാരോഗങ്ങൾക്കും ശിഫാ വെച്ചിട്ടുണ്ട്, മരണമൊഴികെ. ചിലരോഗികളോട് അത് കഴിക്കാൻ നബി(സ) പറയുമായിരുന്നു. വേദനയ്ക്ക് ഇത് നല്ലമരുന്നാണെന്ന് കേട്ടിട്ടുണ്ട്. നബി(സ) പറഞ്ഞതുപോലെ മറ്റുരോഗങ്ങൾക്കും ഇത് നല്ല മരുന്നായിരിക്കും.

അബൂസഈദ് ഖുദ്രീ(റ) പറയുന്നു. ഒരിക്കൽ ഒരാൾ നബിയുടെ അടുക്കൽ വന്നു. തന്റെ സഹോദരന് വയറിന് സുഖമില്ല എന്നറിയിച്ചു. നബി(സ) തേൻ കൊടുക്കാൻ പറഞ്ഞു. വീണ്ടും അദ്ദേഹം വന്നുപറഞ്ഞു. രോഗം കൂടിയിരിക്കുന്നു. അവിടന്ന് പറഞ്ഞു, ഇനിയും തേൻ കൊടുക്കുക. മൂന്നാമത് വന്നിട്ട് അസുഖം മാറിയില്ലായെന്ന് അറിയിച്ചു. അപ്പോൾ നബി(സ) പറഞ്ഞു: കുറച്ചുകൂടി തേൻ കൊടുക്കുക. സുഖമായില്ല എന്ന പരാധിയുമായാണ് അയാൾ അപ്പോഴും വന്നത്. നബി(സ) പറഞ്ഞു: **സദഖല്ലാഹു വ കദബ ബത്വിനു അഖീക്ക**. അല്ലാഹു പറഞ്ഞത് സത്യമാണ്. നിന്റെ സഹോദന്റെ വയറാണ് കളവുപറയുന്നത് അതുകൊണ്ട് ഇനിയും തേൻ തന്നെ കൊടുക്കുക. എന്തായാലും അതു മുഖേനതന്നെ അയാളുടെ രോഗം മാറി.

തേൻ വിവിധതരമുണ്ട്. വിവിധരോഗങ്ങൾക്ക് വിവിധ തേനുകളാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: അത്തിപ്പഴം തിന്നുക. പഴവർഗ്ഗങ്ങളിൽ വളരെ നല്ലൊരു പഴമാണ്. സ്വർഗ്ഗത്തിൽ നിന്നാണ് ഈ പഴം ഇറങ്ങിയതെന്നു ഞാൻ പറയുകയാണെങ്കിൽ, ഞാൻ പറയുന്നു ജന്നത്തിൽ നിന്നുവരുന്ന കുരുവില്ലാത്ത പഴമാണിത്. ഇത് തിന്നുക. ഇത് മൂത്രസംബന്ധമായ അസുഖ ങ്ങളെ അകറ്റുന്നു. കുഴിനഖത്തിനും (നിഖ്റിസ്) ഇത് നല്ലതാണ്.

കിശ്മിശിനെ കുറിച്ച് വന്നിരിക്കുന്നു. ഇതുപയോഗിക്കേണ്ടതാണ്. കാരണം ഇത് വായിലെ കയ്പ്പിനെ അകറ്റുന്നു. കഫക്കെട്ടും നീക്കുന്നു. ഞരമ്പുകൾക്ക് ശക്തി പകരുന്നു. ക്ഷീണമകറ്റുന്നു. സ്വഭാവത്തെ നന്നാക്കുന്നു. ഹൃദയത്തെ ഉത്തമമാ ക്കുന്നു. ദുഃഖമകറ്റുന്നു. ഇതിനെ സംബന്ധിച്ച് ഒരുപാട് ഗവേഷണം നടത്തീട്ടുണ്ട്. ചിലയാളുകൾ അറേബ്യൻ റോസാപൂനീരിൽ കിശ്മിശ് ഇട്ട്

കഴിച്ചുനോക്കി. ഹൃദയത്തിന്റെ അടഞ്ഞ ഞരമ്പുകൾ അതുമുഖേന തുറക്കുകയുണ്ടായി. ഡോക്ടർ ബൈപ്പാസ് ഓപ്പറേഷൻ ചെയ്യണമെന്ന് പറഞ്ഞ കേസായിരുന്നു ഇത്. തങ്ങൾക്കുണ്ടായ അനുഭവം പലരും എന്നോട് പറഞ്ഞിട്ടുണ്ട്. ഒലീവിനെക്കുറിച്ച് വന്നിരിക്കുന്നു. ഒലീവെണ്ണ ഉപയോഗിച്ച് തടവുക. കുഷ്ഠം ഉൾപ്പെടെ എഴുപത് രോഗങ്ങൾക്ക് ഇത് ഫലപ്രദമാണ്. കഴിക്കുകയും ചെയ്യുക.

രോഗിയ്ക്കും ദുഃഖമനുഭവിക്കുന്ന ആളുകൾക്കും തേനും ആട്ടയും ചേർത്തുണ്ടാക്കിയ നേരിയ പായസം കൊടുക്കാൻ ആയിശാ(റ) പറയുമായിരുന്നു. നബി(സ) യിൽ നിന്ന് കേട്ടതനുസരിച്ചാണ് ഇങ്ങനെ നിർദ്ദേശിച്ചിരുന്നത്. ഇത് രോഗിയുടെ മനസ്സിൽ ശക്തി പകരുകയും കുറച്ച് ദുഃഖമകറ്റുകയും ചെയ്യുന്നു.

കാരക്കയെ കുറിച്ച് പറഞ്ഞു: ഇതും ഭക്ഷിക്കേണ്ടതാണ്. വൻകുടൽ വീക്കത്തേയും ഉദരശൂലത്തേയും ഇതകറ്റുന്നു. ഇങ്ങനെ ഒരുപാട് മരുന്നുകളുടെ കുറിപ്പടികളുണ്ട്.

പറഞ്ഞു: പശുവിന്റെ പാൽ കുടിക്കേണ്ടതാണ്. കാരണം അത് മരുന്നാണ്. അതിന്റെ കൊഴുപ്പിൽ രോഗശമനമുണ്ട്. അതിന്റെ ഇറച്ചി തിന്നുതിൽ നിന്ന് നിങ്ങൾ പിൻവാങ്ങേണ്ടതാണ്. കാരണം അതിന്റെ ഇറച്ചിയിൽ ഒരു തരം രോഗമുണ്ട്.

പശുവിറച്ചി അധികമായി ഭക്ഷിക്കുന്നതിൽ ഒരുതരം രോഗമുണ്ടാകുന്നുവെന്നത് തെളിഞ്ഞിട്ടുള്ള കാര്യമാണ്. ഉദാഹരണത്തിന് യൂറിക്കാസിഡ് ഉള്ളരോഗി പശുവിറച്ചി തിന്നരുതെന്ന് ഡോക്ടർമാർ നിർദ്ദേശിക്കാറുണ്ട്. മറ്റുചില രോഗങ്ങളുമുണ്ട്. ചില പ്രത്യേക രോഗികൾക്ക് ഉപദേശം കൊടുത്തതായിരിക്കാമിത്. ബ്ലഡ്പ്രഷർ രോഗികൾക്കും ഹൃദ്രോഗികൾക്കും ഡോക്ടർ പശുവിറച്ചി വിലക്കാറുണ്ട്. നോക്കുക, ഇന്നേക്ക് പതിനാലുനൂറ്റാണ്ട് മുമ്പേ തന്നെ നബി(സ) ഈ എല്ലാകാര്യങ്ങളും പറഞ്ഞു. ഇന്ന് അതിന്റെ ദോഷങ്ങൾ ഓരോന്നും അറിയാൻ കഴിയുന്നു. കൊഴുപ്പിൽ എന്താണ് പ്രത്യേകതയുള്ളതെന്ന് വ്യക്തമായിട്ടില്ല. ഏതെങ്കിലും പോഷകാഹാര ശാസ്ത്രവിദഗ്ദ്ധനെ അത് പറയാൻ കഴിയുകയുള്ളു. പശുവിൻ കൊഴുപ്പിൽ എന്തുഗുണമാണ് ഉള്ളതെന്ന് ആർക്കെങ്കിലും അറിയാമെങ്കിൽ, അതിന്റെ ശരീരത്തിന്റെ ഏതുഭാഗത്തുള്ള പ്രത്യേക കൊഴുപ്പിലാണ് പ്രയോജനമുള്ളതെന്ന് അറിയാമെങ്കിൽ, എനിക്കും പറഞ്ഞുതരിക. അറിയില്ലെങ്കിൽ, അറിയാൻവേണ്ടി ശ്രമിക്കേണ്ടതാണ്. നബി(സ) നമുക്ക് ഒരു ഗൈഡ്ലൈൻ തന്നിരിക്കുകയാണ്.

ഒരുപാട് മരുന്നിന്റെ കുറിപ്പടികളുണ്ട്. അതെല്ലാം പറയാനുള്ള സമയമില്ല. ഇതെല്ലാം നബി(സ) ചെയ്തുകാണിച്ചത് സൃഷ്ടികളോടുള്ള അതിരറ്റ സഹതാപം കൊണ്ടായിരുന്നു. അവിടത്തെ മനസ്സ് ഈ സഹതാപത്താൽ നിറഞ്ഞിരുന്നു. ഇക്കാരണത്താലാണ് അല്ലാഹുവിന്റെ സൃഷ്ടികൾക്ക് എങ്ങനെ ഗുണം ചെയ്യുമെന്ന ചിന്തയിൽ അവിടന്ന് കഴിഞ്ഞിരുന്നത്. അല്ലാഹുതആലയുടെ ആയിരോപി ആയിരം സലാത്തും സലാമും ആ നബിയുടെ മേൽ വർഷിക്കുമാറാകട്ടെ. നമുക്കും ആ മാതൃകയനുസരിച്ച് നടക്കാൻ, ആ ഉപദേശമനുസരിച്ച് ജീവിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ഇതുമുഖേന നമുക്കും, മനുഷ്യകുലത്തിനും സേവനം ചെയ്യാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. ആമീൻ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on**
**15 - 04 - 2005**
**at**
**Baithul Futuh, London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**